"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക മയക്കു മരുന്നു വിരുദ്ധ ദിനാചരണ പരിപാടികൾക്ക് - തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.1458/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/07/2019

---

പരാമർശം:- ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യാ ഡയറക്ടറുടെ 26.05.2019 ലെ ANACI/WAND/149/19 നമ്പർ കത്ത്.

ഉത്തരവ്

ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ലോക മയക്കു മരുന്നു വിരുദ്ധ ദിനം 2019 ജൂൺ 2 6 ന് തിരുവനന്തപുരം വി ജെ റ്റി ഹാളിൽ വച്ച് വിവിധ പരിപാടികളോടെ ആചരിക്കുകയും 20/06/2019 മുതൽ 26/06/2019 വരെ ഏഴു ദിവസം വരെ നീണ്ടു നിന്ന വിവിധ പരിപാടികൾക്കായി ഏകദേശം 320000/-(മൂന്ന് ലക്ഷത്തി ഇരുപതിനായിരം) രൂപ ചെലവായിട്ടുണ്ട്. .ആകയാൽ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി 50000/- (അമ്പതിനായിരം) രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് ഡയറക്ടർ, ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ പരാമർശം പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ജൂൺ 26 ന് തിരുവനന്തപുരം വി ജെ റ്റി ഹാളിൽ വച്ച് നടന്ന ലോക മയക്കു മരുന്ന് വിരുദ്ധ ദിനാചരണ പരിപാടികളുടെ ചെലവുകൾക്കായി കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന് വിധേയമായി 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നഗരസഭയ്ക്ക് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

ഡയറക്ടർ, ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ, കാട്ടാക്കട, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

File No.LSGD-FM2/103/2019-LSGD

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ